"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- തിരുവനന്തപുരം നഗരസഭയിലെ അഴിമതി- വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ രഹസ്യപരിശോധനാ റിപ്പോർട്ട് - അന്വേഷണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2395/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 27/11/2021

പരാമർശം:- വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 25.11.2020 തീയതിയിലെ ഇ19(സി.വി.14/2020/എസ്.ഐ.യു.1)20157/2020 നം. കത്ത്

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭയിലെ അഴിമതിയുമായി ബന്ധപ്പെട്ട പരാതിയിൽ വിജിലൻസ് നടത്തിയ രഹസ്യാന്വേഷണ റിപ്പോർട്ട് പ്രകാരം, തിരുവനന്തപുരം നഗരസഭ ഉറവിടമാലിന്യ സംസ്കരണത്തിനായും ഐ.ടി. സെൽ വിഭാഗം കൈകാര്യം ചെയ്യുന്നതിനായും ലക്ഷക്കണക്കിന് തുക വർഷം തോറും നൽകി കൺസൽട്ടന്റായി നിയമിച്ചിരിക്കുന്ന സ്ഥാപനത്തിന്റെ പ്രവർത്തനത്തിൽ അപാകത കണ്ടെത്തിയിട്ടുള്ളതിനാൽ പ്രസ്തുത കരാറിൽ അഴിമതി നടന്നിട്ടുണ്ടോയെന്ന് കണ്ടെത്തുന്നതിനും സർക്കാരിനുണ്ടായ ധനനഷ്ടം തിട്ടപ്പെടുത്തുന്നതിനും ഈ വിഷയത്തിൽ സമഗ്രമായ അന്വേഷണം നടത്തുന്നതിന് വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം തിരുവനന്തപുരം നഗരസഭയിലെ ക്രമക്കേട് സംബന്ധിച്ച് വിജിലൻസ് നടത്തിയ രഹസ്യാന്വേഷണറിപ്പോർട്ടിലെ ശുപാർശ പ്രകാരം, ക്രമക്കേടുകളിൽ വിശദമായ അന്വേഷണം നടത്തി 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നഗരകാര്യവകുപ്പിലെ ജോയിന്റ് ഡയറക്ടർ (ഹെൽത്ത്)-നെ അന്വേഷണ ഉദ്യോഗസ്ഥയായി ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യൂ
അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ജോയിന്റ് ഡയറക്ടർ (ഹെൽത്ത്), (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ